പൊതുമരാമത്തുവകുപ്പു മന്ത്രി (ശ്രീ. ജി. ചന്ദ്രശേഖരപിള്ള):

(എ) അതേ.

(ബി) ചീഫ് ഇൻജനീയരുടെ കീഴിലുള്ള എല്ലാ ആഫീസുകളുടെയും ആവശ്യത്തിനു് അയച്ചുകൊടുക്കുക പതിവാണു്.

(സി) ഉദിക്കുന്നില്ല.

ശ്രീ. പി. ചാക്കോ: ഈ റിപ്പോർട്ടു് ബഡ്ഡറ വക്കുകയും ഡിസ്കസ് ചെയ്യുന്നതവരെ കിട്ടാതിരിക്കുന്നതായി അറിയാമോ?

ശ്രീ. ജി. ചന്ദ്രശേഖരപിള്ള: അറിഞ്ഞുകൂടാ.

ശ്രീ. പി. ചാക്കോ: തിരുവല്ലായിൽ ഇതേവരെ കിട്ടിയിട്ടില്ലെന്നറിയാമോ?

ശ്രീ. ജി. ചന്ദ്രശേഖരപിള്ള: അതിനെക്കുറിച്ചു് അന്വേഷിക്കാം.

പ്രിൻസിപ്പാളന്മാരുടെ ശമ്പളസ്കെയിൽ

*൧൨൩. (൧൭) ശ്രീ. കെ. എ. മാത്യു: താഴെ കാണുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

(എ) തിരുവനന്തപുരത്തെ യൂണിവേഴ്സിറ്റി കാളേജു് പ്രിൻസിപ്പാളിന്റെ ശമ്പളസ്കെയിൽ, അലവൻസു് ഇവ എന്തു്;

(ബി) വിമൻസ് കാളേജ് പ്രിൻസിപ്പാളിന്റെ ശമ്പളസ്കെയിൽ, അലവൻസ് ഇവ എന്തു്;

(സി) ടെയിനിംഗ് കാളേജ് (തിരുവനന്തപുരം) പ്രിൻസിപ്പാളിന്റെ ശമ്പളസ്കെയിൽ, അലവൻസ് ഇവ എന്തു്?

വിദ്യാഭ്യാസവും, റവന്യൂവും വകുപ്പുമന്ത്രി (ശ്രീ. എൽ. എം. പൈലി):

(എ) ശമ്പളം ൪൭൦—൫൦—൬൫൦ രൂപാ. അലവൻസു് ൧൦൦ രൂപാ.

(ബി) ശമ്പളം ൩൫൦—൨൦—൪൫൦ രൂപാ. അലവൻസു് ഇല്ല.

(സി) ശമ്പളം ൪൭൦—൫൦—൬൫൦ രൂപാ അലവൻസു് ഇല്ല.

ശ്രീ. പി. ചാക്കോ: ഇങ്ങിനെ അലവൻസിൽ വ്യത്യാസം വന്നിരിക്കുന്നതെന്താണു്?

ശ്രീ. എൽ. എം. പൈലി: വിമൻസുകാളേജു് പ്രിൻസിപ്പാളിന്റെ കാര്യം ഗവൺമെന്റിന്റെ ആലോചനയിൽ ഇരിക്കുകയാണു്.

ശ്രീ. പി. ചാക്കോ: ടെയിനിംഗ് കാളേജിൽ പ്രിൻസിപ്പാളിനു് അലവൻസു് കൊടുക്കാത്ത കാരണമെന്താണു്?

ശ്രീ. എൽ. എം. പൈലി: അതായതു് ചില കാളേജുകളിൽ സീനിയർ പ്രൊഫസർമാർ പ്രിൻസിപ്പാളന്മാരായി നിയമിക്കപ്പെട്ടാൽ. അവർക്കു് ൧൦൦ രൂപാ അലവൻസു കൊടുക്കും. ടെയിനിംഗ് കാളേജിനെ സംബന്ധിച്ചിടത്തോളം പ്രിൻസിപ്പാളിനുതന്നെ പ്രത്യേക ശമ്പളമാണു്. അതുകൊണ്ടു് അലവൻസു് കൊടുക്കാറില്ല.

ശ്രീ. ജോസഫ് മാത്തൻ: അവിടെയും സീനിയർ മോസ്റ്റ് പ്രൊഫസറെ നിയമിക്കുകയാണെങ്കിൽ അദ്ദേഹത്തിനു അലവൻസു കൊടുക്കുമോ?

ശ്രീ. എൽ. എം. പൈലി: അതു് ഒരു ഹൈപ്പോത്തറിക്കൽ ചോദ്യമാണു്.

LIBRARY ARCHIVES Kerala Legislative Assembly